# കേരളീയചിന്തയും കീഴാളഭാവുകത്വവും

**ഡോ. പ്രദീപൻ പാമ്പിരികുന്ന്**
അസോസിയേറ്റ് പ്രൊഫസർ, മലയാള വിഭാഗം, എസ്. എസ്. യു.എസ് പ്രാദേശിക കേന്ദ്രം, കൊയിലാണ്ടി

ചിന്ത എന്നത് ഭൗതികവ്യവഹാരമണ്ഡലങ്ങളുടെ ഉല്പന്നവും ഉപാധിയുമാണ്. അത് ഭൗതികേതരമായ എന്തോ ഒരു മനുഷ്യാവിഷ്കാരമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഭൗതികമായ നിരവധി ശൃംഖലകളുടെ—വസ്തുതാശൃംഖലകളുടെയും വസ്തു ശൃംഖലകളുടെയും—ഒരു ഉല്പന്നമെന്നനിലയിൽ, അതോടൊപ്പം തന്നെ ഭൗതികതയെ ബാധിക്കുന്ന, ഭൗതികതയെ സ്വാധീനിക്കുന്ന മനുഷ്യശേഷി എന്നനിലയിലും ചേർത്ത് മനസ്സിലാക്കാനാണ് വിചാരിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ കേരളീയ ചിന്തയെ മനസ്സിലാക്കണമെങ്കിൽ നവോത്ഥാനചിന്തയെ തിരിഞ്ഞുനോക്കേണ്ടത് അത്യാവശ്യമാണ്.

യഥാർത്ഥത്തിൽ നാം കേരളീയ നവോത്ഥാനത്തെ 1888-ൽ അരുവിപ്പുറത്തുനിന്ന് ആരംഭിക്കുന്ന ഒരു പ്രക്രിയയായിട്ടാണ് മനസ്സിലാക്കാറുള്ളത്. അങ്ങനെ മനസ്സിലാക്കുമ്പോൾ കേരളത്തിന്റെ ചിന്താമണ്ഡലത്തെ മുഴുവൻ ഈ അരുവിപ്പുറത്തിനുശേഷമുള്ള ഒരു ബൃഹദാഖ്യാനമായിട്ടാണ് നാം മനസ്സിലാക്കുന്നത്. അങ്ങനെയല്ല മനസ്സിലാക്കേണ്ടത്. പൂർണ്ണമായും സൂക്ഷ്മവും പ്രാദേശികവുമായ പലതരത്തിലുള്ള വൈവിധ്യമുൾക്കൊള്ളുന്ന സ്വത്വങ്ങളെയും ദേശങ്ങളെയുമൊക്കെ മുൻനിർത്തിയാണ് നാം ഒരു കേരളീയചിന്ത എന്ന 'പാരഡൈം'മിനെ രൂപപ്പെടുത്തിയെടുക്കേണ്ടത്. ആ സൂക്ഷ്മ ആഖ്യാനങ്ങൾ എന്താണ് എന്ന ആലോചനപ്രധാനമാണ്.

കേരളത്തിൽ സ്ത്രീകളുടെ പ്രതിരോധത്തെക്കുറിച്ചുള്ള, സ്ത്രീ ശരീരത്തെക്കുറിച്ചുള്ള ചിന്ത ശ്രീനാരായണഗുരുവിനും എത്രയോ മുമ്പേ തന്നെ കേരളീയ സ്ത്രീകൾ ആവിഷ്കരിച്ചിട്ടുണ്ട്. വടക്കെ മലബാറിനെ മുൻനിർത്തിയാണ് ഈ ആലോചന ഞാൻ ഉന്നയിക്കുന്നത്. പൂമാതൈ പൊന്നമ്മ എന്ന ഒരു സ്ത്രീ ഉന്നയിച്ച ആശയം വളരെ പ്രധാനമാണ്. പൂമാതൈപൊന്നമ്മയുടെ കഥ എല്ലാവർക്കും അറിയാം. അവരെ അവരുടെ ജന്മി ലൈംഗികമായി ആക്രമിക്കാൻ ശ്രമിച്ചപ്പോൾ അവർ പ്രതിരോധിച്ചു നിന്നു. അവരുടെ ആയുധം അവരുടെ ശരീരം തന്നെയാണ് അവർ പറയുന്നു :

'എന്നെ ചുട്ടം വെയിലിൽ കാണുന്നേരം
നെഞ്ച് കരിമ്പാടകത്തുന്നുണ്ടോ ?'

എന്നുചോദിച്ചുകൊണ്ട് അവർ നേരിട്ട് പൊരുതുകയാണ്. ഇതു നാരായണഗുരുവിന് എത്രയോ മുമ്പാണെന്നുകൂടി ആലോചിക്കണം.

'കൊല്ലാതെ കൊല്ലും ഞാൻ പൂമാതൈയോ
കൊല്ലുമ്പം കാണാം ഞാൻ നാടുവായിച്ചേ
തീയിലുരുക്കും ഇന്നെ പൂമാതൈയേ
മഞ്ഞത്തുപറക്കും നാടുവായിച്ചേ
കടലും കര നാടിങ്ങെളയ ചുങ്കം
കുന്നും മല പൊൻപണം തന്നോണ്ടാലും
അതിനു മയങ്ങ്വോല്ലെ പുലയപ്പെണ്ണ്
എന്തിനു മയങ്ങ്വാന്റെ പൂമാതൈയേ
ഒന്നിനും മയങ്ങ്വോല്ലെ നാടുവായിച്ചേ
കൊന്നാലും വേണ്ടീല നാടുവായിച്ചേ
തിന്നാലും വേണ്ടീല നാടുവായിച്ചേ
എന്നെ തൊടറെന്റെ മെയ്തൊടറ്'

'എന്നെയും എന്റെ മെയ്യേയും നീ തൊടരുത്' എന്നുപറഞ്ഞത് 1888-നു ശേഷമല്ല. അതിനും എത്രയോ മുമ്പ് നാട്ടിൻപുറത്തെ വ്യവഹാര മണ്ഡലങ്ങളിൽ സ്ത്രീകൾ രൂപപ്പെടുത്തിയെടുത്ത ഒരു പ്രതിരോധത്തിന്റെ സ്വത്വം നമ്മുടെ കേരളീയ സമൂഹത്തിലുണ്ട്. അതിൽനിന്നാണ് യഥാർത്ഥത്തിൽ കേരളത്തിന്റെ സ്വത്വാവിഷ്കാരവും സ്വത്വത്തെക്കുറിച്ചുള്ള സങ്കല്പവും ആരംഭിക്കേണ്ടത്. മറിച്ച് പാശ്ചാത്യരാജ്യത്തിൽനിന്നും കൊളോണിയൽ മോഡേണിറ്റിയിൽനിന്നും നാം സ്വാംശീകരിച്ചെടുത്തിട്ടുള്ള സ്വത്വബോധത്തിൽനിന്നു പൂർണ്ണമായും നമുക്ക് ഈ ആധുനികചിന്തയെ അടിത്തറപ്പെടുത്താൻ കഴിയില്ല. സ്വന്തം മാറിടമരിഞ്ഞു

പ്രതിഷേധിച്ച, പ്രതിരോധിച്ച, സ്ത്രീകൾ കേരളത്തിലെ വാമൊഴി വ്യവഹാരത്തിൽ ധാരാളമുണ്ട്.

വടക്കൻകേരളത്തിലെ പ്രധാനപ്പെട്ട തെയ്യങ്ങളിലൊന്ന് പൊട്ടൻ തെയ്യമാണ്. പൊട്ടൻ തെയ്യത്തിൽ നാം കാണുന്നത് ജാതിയെ പ്രശ്നഭരിതമാക്കുന്ന ചിന്താമണ്ഡലമാണ്. ഇതിൽ, നിങ്ങളെ തൊട്ടാലും, എന്നെ തൊട്ടാലും ഒരേ ചോരയാണ് എന്നു പറയുന്ന ഒരു ജ്ഞാനമണ്ഡലം വികസിച്ചു വരുന്നു. ഇതെല്ലാം കാണിക്കുന്നത് സൂക്ഷ്മവ്യവഹാരങ്ങളിൽനിന്നാണ് നേരത്തെ സൂചിപ്പിച്ച 1888-മുതൽ ആരംഭിക്കുന്ന ഒരു ബൃഹദാഖ്യാനത്തിൽനിന്നല്ല നമ്മുടെ യഥാർത്ഥത്തിലുള്ള കേരളീയവ്യവഹാരമണ്ഡലം ആരംഭിക്കുന്നത് എന്നാണ്. മറ്റൊന്ന് 1888-ൽ ആരംഭിച്ചെന്നു നമ്മൾ പറയുന്ന ചിന്താപദ്ധതിക്ക് എത്രയോ മുമ്പേതന്നെ കേരളത്തിൽ കൊളോണിയൽ മോഡേണിറ്റിയുടെ ഒരു മിഷണറി പാരമ്പര്യം നമുക്കുണ്ടായിരുന്നു. അവർ 1841-ൽ തന്നെ മലബാറിൽ ഇംഗ്ലീഷ്സ്കൂൾ സ്ഥാപിക്കുന്നുണ്ട്. അവിടെ ആരോഗ്യരംഗത്ത് അവർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടായിരുന്നു. ലോഗന്റെ പുസ്തകത്തിൽ പറയുന്നതുപോലെ 1850-കൾ ആവുമ്പോഴേക്കും അവിടെ ആരോഗ്യ ക്ലിനിക്കുകൾ ആരംഭിച്ചിരുന്നു. അവരുടെ സ്കൂളുകളിൽ അയിത്തം അവർ പാലിച്ചിരുന്നില്ല. അയിത്തം ഇല്ലാത്തതുകൊണ്ട് കൂടുതൽ ആളുകൾ മതപരിവർത്തനത്തിലേക്കുപോയി. അയിത്തമില്ലാത്ത ഒരു സമൂഹത്തിൽ എത്തിച്ചേരുവാൻ വേണ്ടി മതപരിവർത്തനം ശാരീരികമായ ഒരു വിമോചനമെന്ന നിലയിൽ സ്വീകരിക്കുകയുണ്ടായി. ധാരാളം ആളുകൾ അത്തരത്തിൽ മതപരിവർത്തനത്തെ സ്വീകരിച്ചു. അങ്ങനെ ഇസ്ലാംമതത്തിലേക്കു മതപരിവർത്തനം നടത്തിയവരുടെ ഒരു കണക്ക് വില്യം ലോഗൻ കൊടുക്കുന്നുണ്ട്. 1871-നും 1889-നുമിടയിൽ ചെറുമരായിട്ടുള്ള ആളുകൾ വലിയതോതിൽ ഇസ്ലാംമതം സ്വീകരിക്കുന്നുണ്ട്. മാത്രവുമല്ല മറ്റൊരു പ്രധാനപ്പെട്ട സാമൂഹികകാര്യം നാം ആലോചിക്കേണ്ടത് ഈ ഘട്ടത്തിൽ സാമൂതിരിതന്നെ ഒരു ഹിന്ദു കുടുംബത്തിൽനിന്നും മുക്കുവ കുടുംബത്തിൽനിന്നും രണ്ടുപേരെങ്കിലും ഇസ്ലാംമതം സ്വീകരിക്കണമെന്ന് നിബന്ധന വെച്ചിട്ടുണ്ട്. നാവികപ്പട ശക്തമാക്കുന്നതിനുവേണ്ടിയാണ്, അത് ആളുകളായതിനാലാണ് ഇത്തരമൊരു നിബന്ധന വെച്ചിരിക്കുന്നത്. അതിന്റെ അർത്ഥം നേരത്തേതന്നെ, പ്രധാനമായിത്തീരുന്ന ഒരു വ്യവഹാരമണ്ഡലം പലകാരണങ്ങൾകൊണ്ടുതന്നെ കേരളത്തിൽ രൂപപ്പെട്ടു വരുന്നുണ്ട് എന്നതാണ്. വാമൊഴിയിലും സാമൂഹ്യവ്യവഹാരങ്ങളിലും സ്ത്രീകൾ ഉൾപ്പെടെയുള്ള ആളുകൾ സ്വന്തം ശരീരം സംരക്ഷിക്കാനായി എടുത്തിട്ടുള്ള പ്രതിരോധമാണ് ഒന്നാമത്തേത്. രണ്ടാമത്തേത് ശരീരത്തിന്റെ

അസ്വാതന്ത്ര്യത്തെ ഒഴിവാക്കാനായി ധാരാളം ആളുകൾ മതപരിവർത്തനത്തെ ഉപാധിയാക്കി എന്നതാണ്.

കേരളത്തിലേക്കുള്ള ടിപ്പുവിന്റെ കടന്നുവരവുമായി ബന്ധപ്പെട്ടാണ് മൂന്നാമത്തെ കാര്യം. ടിപ്പുസുൽത്താൻ ജന്മിമാരുമായിട്ടായിരുന്നില്ല സംസാരിച്ചത്. അദ്ദേഹം സംസാരിച്ചത് കൃഷിക്കാരുമായിട്ടായിരുന്നു. കാരണം കൃഷിക്കാർക്കു മാത്രമേ ഭൂമിയെക്കുറിച്ചുള്ള അറിവുണ്ടായിരുന്നുള്ളൂ എന്നതുകൊണ്ടാണ്. ഇതു സൂചിപ്പിക്കുന്നത് ഭൂമിയെക്കുറിച്ചുള്ള അറിവ് വളരെ പ്രധാനപ്പെട്ട ഒന്നായി കേരളത്തിൽ നിലനിന്നിരുന്നു എന്നാണ്. ഭൂമിയെ സംബന്ധിക്കുന്ന അറിവ് എന്തായിരുന്നു? അല്ലെങ്കിൽ എന്തിനെയാണ് നാം അറിവ് എന്ന് പറഞ്ഞുകൊണ്ടിരുന്നത്? ബ്രൂണോ ലാത്വ (Bruno Latour)എന്ന പ്രസിദ്ധനായ ചിന്തകൻ പറയുന്നത് ഒരു വസ്തുവിന്റെ വസ്തുത്വം എന്നത് വസ്തുവിൽ മാത്രം അന്തർലീനമായിട്ടുള്ള ഒന്നല്ല. അത് പുറത്തുള്ള നിരവധി സാമൂഹ്യമാറ്റങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന ഒന്നാണെന്നാണ് ലാത്വേയുടെ അഭിപ്രായം. താക്കോലുമായി ബന്ധപ്പെട്ട ഒരുദാഹരണം അദ്ദേഹം പറയുന്നു. യൂറോപ്പിൽ ഹോട്ടലിൽ മുറിയെടുക്കുന്ന ആളുകൾ മിക്കവാറും മുറിയുടെ താക്കോൽ പോക്കറ്റിലിട്ടും മറ്റുപലയിടങ്ങളിൽ വെച്ചും തിരിച്ചു വരുമ്പോഴേക്കും കളഞ്ഞിരിക്കും. വീണ്ടും കൗണ്ടറിൽ വന്ന് താക്കോൽ ചോദിക്കും. ഇത് വലിയൊരു ശല്യമായപ്പോൾ താക്കോലിന്റെ കൂടെ മെറ്റലിന്റെ ഒരു കഷണം ഘടിപ്പിച്ചു. അപ്പോൾ അതിന്റെ ഭാരം നിമിത്തം ആളുകൾ താക്കോൽ കൗണ്ടറിൽ കൊടുത്തു പോവാൻ തുടങ്ങി. ഇവിടെ താക്കോലിന്റെ വസ്തുത്വം മാറുന്നത് അതിന്റെ ഉപയോഗം എന്ന നിലയിലല്ല അത് സഞ്ചരിക്കുന്ന സാമൂഹ്യവ്യവഹാരമണ്ഡലങ്ങളുടെ ആകെത്തുക എന്ന നിലയിലാണ്. അതുകൊണ്ട് എല്ലാതരം വസ്തുത്വത്തിന്റെ പിറകിലും ഒരു സാമൂഹ്യശൃംഖല പ്രവർത്തിക്കുന്നുണ്ട് എന്ന് ലാത്വേ പറയുന്നുണ്ട്. അതിനാണ് അദ്ദേഹം 'ആക്ടർ നെറ്റ്‌വർക്ക് തിയറി' എന്നു പറയുന്നത്. ഈ സാമൂഹ്യശൃംഖലാസിദ്ധാന്തമാണ് വസ്തുവിന്റെ വസ്തുത്വത്തെപ്പോലും നിർമ്മിക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ട് ഭൂമി എന്നുള്ളത് ഒരു ഉടമസ്ഥതയുള്ള കാര്യമാണ് എന്ന് ടിപ്പുവാണ് ആദ്യം നമ്മെ ബോദ്ധ്യപ്പെടുത്തിയത്. അതോടെ ഭൂമി ഉടമസ്ഥതയുള്ള ഒരു സംഗതിയാണ് എന്നുവന്നു. അതിനുമുമ്പ് ഭൂമി എന്നു പറയുന്നത് ബ്രഹ്മസ്വവും ദേവസ്വവുമായി പരന്നുകിടക്കുന്ന കൃഷിക്കുപയുക്തമായ ഒരു പ്രതലം മാത്രമായിരുന്നു. ഒരു ആധാരം മാത്രമായിരുന്നു. അതുകൊണ്ടാണ് അതിന് ആധാരം എന്നു പറയുന്നത്. കേരളത്തിൽ ഭൂമി ഉടമസ്ഥാവകാശത്തിലേക്കു വരുന്നതിന്റെ ആദ്യസ്വരൂപം ടിപ്പുവാണ്

അവതരിപ്പിക്കുന്നത്. അതോടൊപ്പംതന്നെ കേരളത്തിലെ ആദ്യത്തെ റോഡ് നിർമ്മിച്ചത് ടിപ്പുവാണ്. കോഴിക്കോട്ടു നിന്ന് വയനാട്ടിലേക്കും ഇതര പ്രദേശങ്ങളിലേക്കുമുള്ള വലിയ റോഡുകളുടെ വ്യൂഹം ടിപ്പു നിർമ്മിച്ചു. റോഡുകൾ നിർമ്മിച്ചെടുത്തു എന്നത് റോഡുകളുടെ മാത്രം കാര്യമല്ല, പതിനായിരക്കണക്കിന് മനുഷ്യർ ജോലിചെയ്യുന്ന ഒരു ഇടമായി റോഡു നിർമ്മാണം മാറി. ചലനാത്മകതയുള്ള ഒരു സമൂഹം ഉടലെടുത്തു. ജഡമായി കിടന്നിരുന്നതിനുപകരം ചലനാത്മകമായ ഒന്നായിട്ട് മലബാറിനെ മാറ്റിയെടുത്തത് ജാതിമതേതരമായ റോഡുപണിക്കാരുടെ ഒരു പുതിയ സംവർഗം, ഒരു പുതിയ സാമൂഹ്യശക്തി ടിപ്പുവിന്റെ റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് രൂപപ്പെട്ടതോടുകൂടിയാണ്. അതുകൊണ്ടു തന്നെ ജഡമായിക്കിടന്നിരുന്ന ഒരു ഫ്യൂഡൽ സമൂഹത്തെ ചലനാത്മകമായ ഒരു സമൂഹമാക്കി മാറ്റിയെടുത്തു എന്നതാണ് ടിപ്പു കേരളത്തിന് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സംഭാവനകളിൽ ഒന്ന്. ഒരു പുതിയ കേരളീയ സമൂഹത്തെ, കേരളീയചിന്തയെ നിർമ്മിച്ചെടുക്കുന്നതിന് അത് സഹായിച്ചു. അതുകൊണ്ടാണ് പി.കെ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ 'ടിപ്പു സുൽത്താൻ' എന്ന ഗ്രന്ഥത്തിൽ 'മലബാറിലെ മൈസൂർ ഭരണം സമൂലസാമൂഹ്യപരിവർത്തനമായിരുന്നു' എന്നു നിരീക്ഷിച്ചിട്ടുള്ളത്. പാരമ്പര്യ ജന്മിത്തത്തിൽനിന്നു വ്യത്യസ്തമായി ഭൂമിക്കുമേൽ ഒരു ഉടമസ്ഥാവകാശം സ്ഥാപിക്കപ്പെടുന്നതുകൊണ്ടുകൂടിയാണ് ഒരു സാമൂഹ്യപ്രവർത്തനമായി അദ്ദേഹം അതിനെ വിലയിരുത്തിയത്. മലബാറിലെങ്കിലും ഇങ്ങനെ തൊഴിൽ, അതുമായി ബന്ധപ്പെട്ട ചലനാത്മകസമൂഹം, അതുമായി ബന്ധപ്പെട്ട പ്രതിരോധങ്ങൾ എല്ലാം രൂപീകരിക്കപ്പെടുന്നത് 1888-ന് വളരെ മുമ്പുള്ള സാമൂഹ്യചലനങ്ങളുടെ ഭാഗമായാണ്. ഇത്തരം സൂക്ഷ്മമായ സാമൂഹ്യചലനങ്ങളിൽ നിന്നാണ് യഥാർത്ഥത്തിൽ കേരളത്തിന്റെ പൊതുവ്യവഹാരമണ്ഡലങ്ങൾ നിർമ്മിക്കപ്പെടുന്നത്. അല്ലാതെ 1888-ൽ തുടങ്ങുന്ന ഒരു സവിശേഷമായ അരുവിപ്പുറം പ്രതിഷ്ഠയിൽ നിന്നല്ല കേരളത്തിന്റെ ചിന്ത ആരംഭിക്കുന്നത്.

നവോത്ഥാനത്തിന്റെ രണ്ടാമത്തെ സന്ദർഭം എന്നത് തൊഴിലടിമത്തത്തിൽ നിന്ന് തൊഴിലാളിയായി സമൂഹം മാറുന്ന ഘട്ടമാണ്. ചരിത്രത്തെ വ്യത്യസ്തമായി നോക്കിക്കാണാൻ ശ്രമിക്കുമ്പോഴാണ് തൊഴിലടിമത്തത്തിൽ നിന്നുള്ള മോചനമായിട്ട് നവോത്ഥാനത്തെ മനസ്സിലാക്കാൻ കഴിയുക. ഇത് തോട്ടിയിൽ നിന്ന് തൊഴിലാളിയിലേക്കുള്ള മാറ്റമാണ്. യഥാർത്ഥത്തിൽ നവോത്ഥാനത്തിന്റെ കേന്ദ്രം തൊഴിലടിമത്തത്തിൽ നിന്നുള്ള മോചനമാണ്. കയർ പിരിക്കുന്ന മനുഷ്യരെ കയർ തൊഴിലാളികളാക്കി മാറ്റാനുള്ള ശ്രമമാണ് നവോത്ഥാന ഘട്ടത്തിൽ

നടന്നിട്ടുള്ളത്. വാഗ്ഭടാനന്ദനിൽനിന്നാണ് 'ഊരാളുങ്കൽ സൊസൈറ്റി' ഉണ്ടായത്. വാഗ്ഭടാനന്ദൻ നവോത്ഥാനന്തരകാലത്ത് വടക്കെ മലബാറിൽ നിർമ്മിച്ചെടുത്ത ലേബർ ബാങ്കാണ് ഊരാളുങ്കൽ ലേബർ സൊസൈറ്റി എന്ന പേരിൽ വലിയ കൺസ്ട്രക്ഷൻ സൊസൈറ്റിയായി മാറിയത്. വ്യവസായത്തെ, നമ്മുടെ മനുഷ്യാധ്വാനത്തെ ആധുനികവത്കരിക്കാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ നവോത്ഥാനത്തിന്റെ കേന്ദ്രമായി നില്ക്കുന്നത്. 1938-ലാണ് കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി രൂപപ്പെടുന്നത്. എന്നാൽ അതിനുമുമ്പ് 1922-ൽ വടപ്പുറം പി. കെ ബാവ 'തിരുവിതാംകൂർ ലേബർ അസോസിയേഷൻ' രൂപീകരിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ പറഞ്ഞു 'നിങ്ങൾ എന്റെ കൂടെ വരൂ .... നിങ്ങളെ ഞാൻ മനുഷ്യരാക്കാം' എന്ന്.

നവോത്ഥാനത്തിനു ശേഷമുള്ള മനുഷ്യൻ എന്ന സങ്കല്പം, തൊഴിലുമായി ബന്ധപ്പെട്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. തൊഴിലിലുള്ള ഈ വിമോചനമാണ് മനുഷ്യവിമോചനം—സ്ത്രീകളുടെ വിമോചനം, അധഃസ്ഥിതരുടെ വിമോചനം എന്ന് നവോത്ഥാനം ഉന്നയിച്ചിട്ടുള്ള കാതലായ പല ആശയങ്ങളായി വികസിച്ചത്. ചെത്തുതൊഴിലിനെ മാറ്റിയെടുക്കുവാനുള്ള ശ്രമം ഇക്കാലത്ത് ആരംഭിക്കുകയുണ്ടായി. തൊഴിലിന്റെ Modernisation ആണ് മനുഷ്യവിമോചനത്തിന്റെ ഏറ്റവും വലിയ സംഗതി എന്ന് നവോത്ഥാന ഘട്ടത്തിൽ തിരിച്ചറിഞ്ഞിരുന്നു. ഇന്നും തിരിച്ചറിയപ്പെടുന്നുണ്ട്. അതിന്റെ ഭാഗമായാണ് നാട്ടിൽ ചെത്തിക്കെട്ടുന്ന, പടവുചെയ്യുന്ന, പണിക്കാർ ഗ്ലോബലൈസേഷൻ വന്നപ്പോൾ അവരുടെ പേര് wall designers എന്നാക്കി മാറ്റിയത്. മറ്റൊരു ഉദാഹരണം എന്റെ അനുഭവത്തിൽനിന്നു പറയാം. എം.എ. ഇന്റർവ്യൂവിന് അച്ഛനുമായി വന്ന കുട്ടിയോട് 'അച്ഛനെന്താ ജോലി' എന്നു ചോദിച്ചു, കുട്ടിയും അച്ഛനും മിണ്ടിയില്ല. അവസാനം നിർബന്ധപൂർവ്വം ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞു 'എനിക്ക് നാട്ടിലൊര് പീട്യേക്കച്ചോടാ മാഷെ, പക്ഷെ ഇവളത് പറയാൻ സമ്മതിക്കില്ല. ബിസിനസ്സാണ് ബിസിനസ്സാണ് എന്നാണ് ഇവള് പറയുന്നത്'. ഇവിടെ കച്ചവടം ബിസിനസ്സായി uplift ചെയ്യപ്പെടുന്നു. ഒരു തൊഴിലിനെ, ഗ്ലോബലൈസ് ചെയ്യുന്ന പ്രക്രിയയാണിത്. യഥാർത്ഥത്തിൽ തൊഴിലിനെ മോഡേണൈസ് ചെയ്യുന്ന പ്രക്രിയയാണ് നവോത്ഥാന കാലത്തിന്റെ കേന്ദ്രമായിരുന്നത്. എന്നാൽ ഇങ്ങനെ തൊഴിലിനെ മോഡേണൈസ് ചെയ്യാനുള്ള ശ്രമം പിന്നീട് നടക്കാത്തതാണ് കേരളത്തിൽ മേഡോണൈസ് ചെയ്യാത്ത തൊഴിലുകളിൽ അന്യ/ഇതര സംസ്ഥാന തൊഴിലാളികൾ വലിയതോതിൽ കടന്നുവരാൻ കാരണം. തൊഴിലിന്റെ മോഡേണൈസേഷന്റെ നഷ്ടമാണ്,

ഇല്ലായ്മയാണ്, കേരളത്തിലെ ഇതരസംസ്ഥാന തൊഴിലാളികളുടെ വ്യാപനത്തിന്റെ കാരണം. ഇത്രകാലവും നാം ഗവേഷണം നടത്തിയിട്ടും തെങ്ങിന്റെ മുകളിൽ ശാന്തമായി കയറാനും ഇളനീർ പറിച്ച് കുടിക്കാനുമുള്ള ഒരു യന്ത്രം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ നാട്ടിൽ കൃഷിചെയ്യാനുള്ള ആധുനിക സംവിധാനങ്ങൾ നമ്മൾ നിർമ്മിച്ചെടുത്തില്ല. അപ്പോൾ തൊഴിലിന് വലിയ പ്രാധാന്യം നല്കിയിട്ടുള്ള നവോത്ഥാനം തൊഴിലിന്റെ മോഡേണൈസേഷൻ സാധ്യമാക്കേണ്ടിയിരുന്നതിൽ നിന്ന് നമ്മൾ വിമുഖരായിത്തീരുകയും പകരം വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുക്കുകയുംചെയ്തു. ഇതാണ് കേരളത്തിന്റെ ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള ഏറ്റവും വലിയ ഐറണി എന്ന് ഞാൻ വിചാരിക്കുന്നു. തൊഴിലിന്റെ മോഡേണൈസേഷൻ ആണ് ഒരു സമൂഹത്തെ വിമോചിപ്പിക്കുക എന്ന ആശയത്തിനു പകരം വിദ്യാഭ്യാസമാണ് നമ്മെ വിമോചിപ്പിക്കുക എന്ന ആശയമാണ് കേരളത്തിൽ രൂഢമൂലമായിത്തീർന്നത്. വിദ്യാഭ്യാസം നിശ്ചയമായും ആളുകളെ വിമോചിപ്പിക്കാം എന്ന കാര്യത്തിൽ തർക്കമില്ല. പക്ഷെ വിദ്യാഭ്യാസം നേടിയിട്ടുള്ള ഹൈദരാബാദ് സർവ്വകലാശാലയിലെ വൈസ്ചാൻസ്ലർ ഉൾപ്പെടെയുള്ള ആളാണ് രോഹിത് വെമുലയെപ്പോലുള്ള ഒരു ധിഷണാശാലിയായ മനുഷ്യനെ ഇൻസ്റ്റിറ്റ്യൂഷണലായി കൊലചെയ്യാൻ പ്രേരിപ്പിച്ചത് എന്ന കാര്യം ആലോചിക്കണം. അതുകൊണ്ട് വിദ്യാഭ്യാസം മനുഷ്യനെ ലിബറേറ്റ് ചെയ്യും എന്ന ചിന്ത പുനഃപരിശോധിക്കപ്പെടേണ്ടതുണ്ട്. വിദ്യാഭ്യാസം ഉള്ള ഏറ്റവും ഉന്നതമായ സർവ്വകലാശാലയിൽ ഇരിക്കുന്ന ആളുകൾ ശരീരംകൊണ്ടോ അവരുടെ ചിന്താശേഷികൊണ്ടോ വിമോചിപ്പിക്കപ്പെട്ടിട്ടില്ല എന്നിതിനു പ്രധാനകാരണം തൊഴിൽ വിമോചിപ്പിക്കപ്പെട്ടിട്ടില്ല അല്ലെങ്കിൽ തൊഴിൽ മോഡേണൈസ് ചെയ്യപ്പെട്ടിട്ടില്ല എന്നുള്ളതാണ്.

തൊഴിൽ ആധുനികവത്കരിക്കപ്പെടാത്തതുകൊണ്ട് കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷത്തിൽ ധാരാളമായിട്ടുള്ള പിന്നോട്ടടി സംഭവിച്ചിട്ടുണ്ട്. നാരായണഗുരു വടപ്പുറം ബാവയോട് പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട ഒരു വാക്യം 'ഭയപ്പെടേണ്ട തൊഴിലാളികളുടെ കാലമാണ് വരാൻ പോകുന്നത്' എന്നാണ്. തൊഴിൽ എന്നുള്ളത് കേരളത്തിൽ ആധുനികവത്കരിക്കപ്പെടും എന്നുള്ള ഭാവനയിൽ നിന്നാണ് ഗുരു അങ്ങനെ പറഞ്ഞത് എന്നു ഞാൻ കരുതുന്നു. പക്ഷേ, നിർഭാഗ്യവശാൽ നാം തൊഴിലിനല്ല തൊഴിലേതരമായ വിദ്യാഭ്യാസത്തിനാണ് വലിയ പ്രാധാന്യം നല്കിയത്. കേരളത്തിൽ ഇന്ന് ഏറ്റവും വലിയ ക്യൂ കാണുന്നത് എ.ടി.എമ്മിനു മുമ്പിലോ ബീവറേജസിനു മുമ്പിലോ അല്ല എൻട്രൻസ്

പരീക്ഷക്കുള്ള കോച്ചിങ് സെന്ററിനു മുമ്പിലാണ്. രക്ഷിതാക്കൾ ഇങ്ങനെ ക്യൂ നിൽക്കുന്നത് നമുക്ക് മനസ്സിലാക്കാം. കാരണം വലിയ വിദ്യാഭ്യാസത്തിലേക്കുള്ള പ്രൊഫഷണലായ അറിവിലേക്കുള്ള പോക്കാണത്. എന്നാൽ എൻട്രൻസിൽ വിജയിച്ചുകഴിഞ്ഞാൽ അവസാനിക്കുന്നതാണ് ആ ക്യൂ. മെഡിസിന് സീറ്റുകിട്ടിയ ഒരു കുട്ടി പിന്നീട് എന്താണ് പഠിക്കുന്നതെന്ന് കേരളത്തിൽ ഒരിക്കലും വിലയിരുത്തപ്പെടുന്നില്ല. അടുത്തകാലത്ത് ഡോ. ഹെഗ്ഡെയുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽചർച്ച നടക്കുകയുണ്ടായി. അദ്ദേഹം ഈ ആശയം മുന്നോട്ടു വെയ്ക്കുന്നുണ്ട്. കേരളത്തിലെ ആയുർവേദ, അലോപ്പതി, ഹോമിയോപ്പതി മേഖലകളിൽ ചർച്ച നടക്കുകയുണ്ടായി. കേരളത്തിൽ പത്തോ ഇരുപതോ മുപ്പതോ വർഷമായിട്ട് മെഡിക്കൽ രംഗത്ത് എന്തു പഠിക്കുന്നു എന്നത് കേരളത്തിലെ ആരെങ്കിലും ഒരു ഓഡിറ്റിങ്ങിന് വിധേയമാക്കിയിട്ടുണ്ടോ. ഇവർ ഒരു ഗൈഡാണ് പഠിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും മെഡിക്കൽ പ്ലാന്റിനെക്കുറിച്ചോ, കീഴാളജനതയ്ക്ക് ആരോഗ്യരംഗവുമായുള്ള ബന്ധത്തെക്കുറിച്ചോ, കേരളത്തിലെ പൊതുആരോഗ്യരംഗത്ത് അവയ്ക്കുള്ള സ്വാധീനത്തെക്കുറിച്ചോ ചർച്ചചെയ്യുന്ന പുസ്തകങ്ങൾ ഏതെങ്കിലും നമ്മുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നു ചിന്തിക്കുക, പരമ്പരാഗതമായ അറിവില്ലാതെ കഴിഞ്ഞ മുപ്പതുവർഷത്തിനുള്ളിൽ ഈ മേഖലയിൽ നമ്മുടെ സംഭാവനയെന്ത് എന്നു പരിശോധിക്കേണ്ടതാണ്. എൻട്രൻസ് പരീക്ഷക്കുള്ള ക്യൂവിനുശേഷം നമ്മൾ പഠിക്കുന്നതെന്തെന്നു നാം മനസ്സിലാക്കുന്നില്ല. അതുകൊണ്ടാണ് ഹെഗ്ഡേ ഉന്നയിച്ച കാര്യം വലിയ ചർച്ചാവിഷയമായി നമുക്കുതോന്നിയത്. ഇതു സൂചിപ്പിക്കുന്നത് കേരളത്തിലെ ഏറ്റവും സൂക്ഷ്മമായ മണ്ഡലമല്ല നമ്മുടെ ചിന്തയെ മുന്നോട്ട് കൊണ്ടുപോകുന്നത് എന്നാണ്.

വികസനം എന്ന വാക്ക് എടുത്തു നോക്കാം. അതിനെന്താണർത്ഥം? ഏതെങ്കിലുമൊരു സമൂഹം സ്വയം ആയിത്തീരാൻ താല്പര്യപ്പെടുന്നതിന്റെ പേരല്ല വികസനം എന്ന വാക്ക് ഉന്നയിക്കുന്നത്. മറിച്ച് പുറത്തെവിടുന്നോ വരുന്ന എന്തോ ഒന്ന് നമ്മുടെ പേരിൽ വരുന്നതിനെയാണ് വികസനം എന്ന് നാം പറയുന്നത്. കയറ്റുമതി എന്ന മറ്റൊരു വാക്ക് എടുത്തുനോക്കുക എന്താണത്? കേരളത്തിലോ ഇന്ത്യയിലോ ഏറ്റവും വലിയ കാര്യങ്ങളിലൊന്ന് കയറ്റുമതിയാണെന്നാണ് സ്കൂളിൽ പഠിക്കുമ്പോൾ ഞാൻ വിചാരിച്ചിരുന്നത്. നമ്മൾ എത്ര കയറ്റുമതി ചെയ്യുന്നുവോ അത്രയും നമ്മൾ വലിയ ജനതയായി എന്നാണ് പഠിച്ചത്. പക്ഷെ ഇന്ന് നോക്കിയാൽ നമുക്ക് മനസ്സിലാകും കേരളത്തിലെയോ ഇന്ത്യയിലെയോ ഒരു മനുഷ്യൻ ഉല്പാദിപ്പിക്കുന്ന ഒരു സാധനം യൂറോപ്പിലെയോ

മിഡിൽ ഈസ്റ്റിലെയോ സമ്പന്നന് എത്തിച്ചുകൊടുക്കുന്ന പണിയുടെ പേരാണ് കയറ്റുമതി. നിങ്ങൾക്കതുകൊണ്ട് നല്ലൊരു ബസുമതി അരി കഴിക്കാൻ പറ്റില്ല. അത് വിദേശരാജ്യത്തെ ഏതെങ്കിലും സമ്പന്നനു കൊടുക്കും. അതിലൊരു സാമൂഹ്യവിരുദ്ധതയുടെ അംശമുണ്ട്. ഇങ്ങനെ വാക്കുകൾ എടുത്തു നോക്കിയാൽതന്നെ അതിന്റെ പുറകിലുള്ള ചിന്താമണ്ഡലത്തിന്റെ സ്വരൂപം നമുക്ക് വ്യക്തമായിത്തീരുന്നതാണ്. എങ്ങനെയാണ് ചിന്തയെ നമ്മൾ മനസ്സിലാക്കുന്നത് ? ചിന്ത നമ്മുടെ സാമൂഹ്യവ്യവഹാരമണ്ഡലത്തിന്റെ ഉല്പന്നമാണെന്നതാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം. ചിന്ത നമുക്ക് മനസ്സിലാക്കാൻ കഴിയുക അതിന്റെ ആഖ്യാനങ്ങളിലൂടെയാണ്. ആഖ്യാനമാണ് പൊളിറ്റിക്സ് എന്നു പറയുന്നത്. നിങ്ങളെങ്ങനെയാണ് ആഖ്യാനം ചെയ്യുന്നത് ? ശരീരത്തെക്കുറിച്ച് പറയുമ്പോൾ ശരീരം എങ്ങനെയാണ് അതിന്റെ ചിന്തയായി രൂപപ്പെടുന്നത്. അപ്പോൾ അതിന്റെ ഉള്ളടക്കത്തിലല്ല ആവിഷ്കാരണത്തിലാണ് അതിന്റെ രാഷ്ട്രീയമിരിക്കുന്നത്. എന്താണ് പുഴയുടെ ആഖ്യാനം? ഒഴുക്കാണതിന്റെ ആഖ്യാനമായി നില്ക്കുന്നത്. അതിന്റെ ഉള്ളിലെന്താണെന്ന് നോക്കുന്നില്ല. ആഖ്യാനം കൊണ്ട് യാഥാർത്ഥ്യം മാറും. അല്ലെങ്കിൽ ആഖ്യാനം മാത്രമേയുള്ളൂ. യാഥാർത്ഥ്യമെന്നത് ആഖ്യാനത്താൽ നിർമ്മിക്കപ്പെടുന്ന ഒരു ഇംപ്രഷൻ ആണ്. ഒരാൾക്ക് പറ്റിയ അബദ്ധം പറഞ്ഞാൽ പെട്ടെന്നു മനസ്സിലാകും. മലയാളിയായ ഒരാൾ ഇംഗ്ലീഷിൽ കല്യാണക്കത്ത് അടിപ്പിച്ചു. ഡി.ടി.പി ചെയ്യുന്ന ആൾ ഇദ്ദേഹത്തോട് ചോദിച്ചു 'Blessing' വേണോ എന്ന്. ഇംഗ്ലീഷിലല്ലേ ഒരു ഗമയല്ലെ ഇരുന്നോട്ടെ എന്നു പറഞ്ഞു. അങ്ങനെ 'Presence in Blessings only' എന്നടിച്ച് കത്തെല്ലാവർക്കും കൊടുത്തു. കല്യാണവും റിസപ്ഷനും എല്ലാം കഴിഞ്ഞു. പക്ഷെ ആരും കവറൊന്നും കൊടുക്കാത്തതുകൊണ്ട് ഇയാൾക്ക് ആധിയായി. ഞങ്ങളുടെ നാട്ടിൽ കല്യാണമൊക്കെ നടക്കുന്നത് ഇങ്ങനെ കവറായി കിട്ടുന്ന പണംകൊണ്ടാണ്. എന്താണ് സംഭവിച്ചതെന്ന് അന്വേഷിച്ചപ്പോഴാണ് അയാൾക്ക് മനസ്സിലായത് Blessing ആണ് പണി പറ്റിച്ചതെന്ന്. ഇവിടെ ആഖ്യാനമാണ് യാഥാർത്ഥ്യത്തെ നിർമ്മിച്ചെടുക്കുന്നത്. ആഖ്യാനമില്ലാതെ യാഥാർത്ഥ്യം പുറത്തു നില്ക്കുന്നില്ല. യാഥാർത്ഥ്യത്തിനു പുറത്ത് ഒരു വിഷയിവിഷയ ബന്ധം നമുക്ക് സങ്കല്പിക്കാൻ കഴിയില്ല.

മറ്റൊന്നു നോക്കുക. സംഗീതം ഒരു ആഖ്യാനമാണ്. സംഗീതം തന്നെയും ആഖ്യാനമാണ്. ടി.എം. കൃഷ്ണ എന്ന സംഗീതജ്ഞനോട് ഒരു ഇന്റർവ്യൂവിൽ ചോദ്യകർത്താവ് ചോദിച്ചു. നിങ്ങൾ വലിയ മോഡി വിരുദ്ധനാണ് ഹിന്ദുത്വ വിരുദ്ധനാണ് പക്ഷെ നിങ്ങൾ എപ്പോഴും പാടുന്നത്

രാമ, കൃഷ്ണ എന്നാണ്. ഹിന്ദു മിഥോളജിയിൽ വരുന്ന രാമനെയും കൃഷ്ണനെയും കുറിച്ച് പാടിക്കൊണ്ട് നിങ്ങൾക്കെങ്ങനെയാണ് അതിനെതിരായി സംസാരിക്കാൻ കഴിയുന്നത്? ഇതിന് ബുദ്ധിമാനായ കൃഷ്ണ നല്കുന്ന ഉത്തരം ഇങ്ങനെയാണ് 'ഞാൻ നിങ്ങൾ പറയുന്ന ട്രഡീഷണൽ കൃഷ്ണനെയോ രാമനെയോ അല്ല പാടുന്നത്'. അത് ഡമോൺസ്ട്രേറ്റ് ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു ഇത് നിങ്ങളുടെ രാമനല്ല. ഞാൻ മ്യൂസിക്കലി സിസ്റ്റമൈസ് ചെയ്ത രാമനാണ്. തോടിയാണിവിടെ രാഗം ഈ ആഖ്യാനമാണ് അതിന്റെ ഉള്ളടക്കം. ഉള്ളടക്കം എന്നത് അതിന്റെ രൂപമാണ്. സംഗീതത്തെ ഈ ആഖ്യാനത്തിൽനിന്ന് വ്യത്യസ്തമാക്കി രാമനും കൃഷ്ണനുമാക്കി മാറ്റാൻ കഴിയില്ല എന്നതാണ് കൃഷ്ണ പറഞ്ഞതിന്റെ അർത്ഥം. ഈ ആഖ്യാനത്തിലാണ് ചിന്തരൂപപ്പെടുന്നത്. അല്ലാതെ ചിന്ത എന്ന എന്തോ ഒരാശയം അതിനുപുറത്ത് നിലനില്ക്കുന്നില്ല. അപ്പോൾ ചിന്തിക്കുക എന്നുപറഞ്ഞാൽ പലതരത്തിലുള്ള ആഖ്യാനം, സാമൂഹ്യവ്യവഹാരങ്ങൾ സമൂഹത്തിൽ നിർമ്മിച്ചെടുക്കുന്നു എന്നാണർത്ഥം. സംഗീതത്തിനുള്ളിൽത്തന്നെ അതിന്റെ ഘടനയിൽ, രൂപത്തിൽ ഉള്ളടക്കമല്ലാതെ നിലനില്ക്കുന്നതാണ് അതിന്റെ പൊളിറ്റിക്സ്. സാഹിത്യത്തിൽ സി. അയ്യപ്പന്റെ കഥ ഉദാഹരണമായി എടുത്തുനോക്കാം. സി. അയ്യപ്പന്റെ ഒട്ടുമിക്ക കഥാപാത്രങ്ങളും പ്രേതങ്ങൾ, മരിച്ചവർ, ഭ്രാന്തർ, ഇരുട്ടിൽ നിന്ന് വരുന്നവർ ഒക്കെയാണ്. എന്തുകൊണ്ടാണ് അങ്ങനെ ഒരാഖ്യാനകർത്തൃത്വത്തെ അദ്ദേഹം എടുത്തത്? കാരണം, അദ്ദേഹം ആഖ്യാനം ചെയ്യാൻ ഉദ്ദേശിച്ചത് മുഴുവൻ പാർശ്വവത്കൃതരായ മനുഷ്യരുടെ ജീവിതത്തെയായിരുന്നു എന്നതാണ്. പാർശ്വവത്കൃതരായ മനുഷ്യർക്ക് ദൃശ്യതയില്ല നമ്മുടെ സമൂഹത്തിൽ. ദൃശ്യതയില്ലാത്തതുകൊണ്ടു തന്നെ ദൃശ്യതയില്ലാത്ത കർത്തൃത്വംകൊണ്ട്, സ്വത്വരൂപങ്ങൾകൊണ്ട് അവരെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നു.

ഭ്രാന്തന്മാർ, യക്ഷികൾ, out cast ആയിട്ടുള്ളവർ എന്നിങ്ങനെ ദൃശ്യതയില്ലാത്തവർ ആഖ്യാനകർതൃത്വത്തിലേക്ക് വരുന്നു. ആഖ്യാനകർതൃത്വം തന്നെയാണ് അതിന്റെ പൊളിറ്റിക്സ് ആയി രൂപാന്തരപ്പെടുന്നത്. കേരളത്തിലെ ആദ്യകാല എഴുത്തുകളെല്ലാം നോക്കിയാൽ സംഭാഷണരൂപത്തിലാണ്. ആദ്യനോവലുകളിലൊന്നായ 'പുല്ലേലി കുഞ്ചു' പൂർണ്ണമായും സംഭാഷണത്തിൽ രചിക്കപ്പെട്ടതാണ്. സംഭാഷണം അന്യനെക്കൂടി നമ്മുടെ ആലോചനാമണ്ഡലത്തിൽ ഉൾപ്പെടുത്തുന്ന ഒരു വ്യവഹാരരൂപമാണ്. ആദ്യകാല സ്ത്രീകഥകൾ വായിച്ചുനോക്കുക. പൂർണമായും സംഭാഷണങ്ങളാണ്. ലക്ഷ്മിയമ്മയും മാധവിയമ്മയും സംസാരിച്ചത്... ... വളരെക്കുറച്ചേ വിവരണമുള്ളു. ബാക്കി മുഴുവൻ

സംഭാഷണമാണ്. 1922-ൽ കേരളത്തിലെ സിദ്ധസമാജത്തിൽ ഒരാളായിരുന്ന ശിവാനന്ദ പരമഹംസർ 'കേരള അനാചാരം' എന്നൊരു പുസ്തകം എഴുതിയിട്ടുണ്ട്. അത് പൂർണമായും സംഭാഷണത്തിലാണ്. എന്തുകൊണ്ടാണ് ഇന്ദുലേഖയുടെ 18-ാം അധ്യായം സംഭാഷണമാകുന്നത്? ഇന്ദുലേഖയിൽ ചില അഭാവങ്ങളുണ്ട്. 1889-ൽ രചിക്കപ്പെട്ട ഈ നോവലിൽ 1988-ൽ നടന്ന അരുവിപ്പുറം പ്രതിഷ്ഠയുടെ ഒരു ലാഞ്ഛനയുമില്ല. എന്നാൽ അതിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ചുണ്ട്. ഫാക്ടറി നടത്തുന്നതിനെക്കുറിച്ചുണ്ട്, കോൺഗ്രസ്സുണ്ട് അക്കാര്യത്തിലേക്ക് ഇവിടെ കടക്കുന്നില്ല. ഇതേ ഇന്ദുലേഖയിൽ 18-ാം അധ്യായം പൂർണമായും സംഭാഷണമാണ്. കാരണം സംഭാഷണ വ്യവഹാരം കേരളത്തിലെ ആദ്യ ആഖ്യാനരൂപമാണ്. വാമൊഴി സംസ്കാരത്തിലെ വാമൊഴിക്കവിതകൾ എടുത്തുനോക്കുക പൂർണമായും സംഭാഷണരൂപത്തിലാണ്. നാട്ടിപ്പാട്ടുകൾ, വടക്കൻ പാട്ടുകൾ എന്നുതുടങ്ങി അക്കാലത്തെ വാമൊഴി പാരമ്പര്യത്തിന്റെ വലിയൊരു കേന്ദ്രം സംഭാഷണമാണ്. ഈ സംഭാഷണമെന്ന ആദ്യ ആഖ്യാന സ്വരൂപത്തെ അവഗണിക്കാൻ ചന്തുമേനോന് സാധ്യമായിരുന്നില്ല എന്നതാണ് 18 -ാം അദ്ധ്യായം പൂർണമായും സംഭാഷണത്തിൽ രചിക്കപ്പെട്ടതിന് കാരണം. കേരളത്തിലെ ആദ്യത്തെ നായർ കുടുംബത്തിന്റെ ആഖ്യാനം നിർവ്വഹിക്കാൻ മുതിർന്നപ്പോൾ അതിനുള്ളിൽ ഒരധ്യായമെങ്കിലും കേരളത്തിൽ അതിനുമുമ്പേ നിലനിന്നിരുന്ന സംഭാഷണരൂപം ഉൾപ്പെടുത്താൻ ചന്തുമേനോൻ നിർബന്ധിതനായി എന്നാണ് മനസ്സിലാക്കേണ്ടത്. അതുകൊണ്ട് ഈ ആഖ്യാനമാണ് കേരളത്തിൽ പൊളിറ്റിക്കൽ ആയി നില്ക്കുന്നത്. ആഖ്യാനത്തെ മുൻനിർത്തിയല്ലാതെ അതിന്റെ ഉള്ളടക്കം/പ്രമേയം റദ്ദായിപ്പോകുന്നു. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിലെ പ്രമേയം റദ്ദായിപ്പോയി. എന്തുകൊണ്ടാണ് ഖസാക്കിന്റെ ഇതിഹാസം നാടകത്തിലെ പുതിയ ആഖ്യാനത്തിൽ രവി റദ്ദായിപ്പോയത്? രവി പറയുന്നത് നമുക്ക് അരോചകമായി തോന്നിയത്? 'സായാഹ്നങ്ങളുടെ അച്ഛാ' എന്നൊക്കെപ്പറയുമ്പോൾ നമുക്ക് ഓട്ടോറിക്ഷ വിളിച്ച് പോകാൻ തോന്നിയത്? കാരണം അതിന്റെ പ്രമേയം റദ്ദായിപ്പോയി. പക്ഷെ അതിന്റെ Ethics ആയ ആഖ്യാനം ദീപൻ ശിവരാമൻ നിലനിർത്തി. Ethics ആയ ആഖ്യാനം പ്രധാനമായി അദ്ദേഹത്തിന് തോന്നിയത് അതിന്റെ രൂപത്തിലാണ് അതിന്റെ രാഷ്ട്രീയം ഇരിക്കുന്നത് എന്നു തിരിച്ചറിഞ്ഞതുകൊണ്ടാണ്. അതിന്റെ ഉള്ളിൽ കടന്നിട്ടുള്ള പ്രമേയമണ്ഡലം അപ്രസക്തമായി.

മറ്റൊരു ഉദാഹരണത്തിലേക്കു കടന്നാൽ പാഞ്ഞാളിൽ യാഗം നടന്നപ്പോൾ അതു ഡോക്യുമെന്റ് ചെയ്യാനായി വന്ന 'ഫ്രിറ്റ്സ് സ്റ്റാൾ'

എന്ന പണ്ഡിതൻ അതിനെക്കുറിച്ച് എഴുതിയ പ്രബന്ധത്തിൽ വേദമന്ത്രങ്ങൾക്ക് ഒരർത്ഥവുമില്ല എന്ന് രേഖപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് അത് അതിജീവിച്ചത് എന്നദ്ദേഹം വ്യക്തമാക്കുന്നുണ്ട്. അതിന് ഉള്ളടക്കമില്ല. ഉള്ളടക്കമില്ലാത്തത് അതിജീവിക്കും; കാരണം അത് അനുഷ്ഠാനമായി നിലനില്ക്കും. വേദമന്ത്രങ്ങൾ ജപിക്കുന്നുണ്ട് എന്നല്ലാതെ അതിന്റെ അർത്ഥം ഒരാൾക്ക് അറിയില്ല. അർത്ഥം അന്വേഷിച്ച് പോകുന്ന പാരമ്പര്യവും നമുക്കില്ല. ഖുറാൻ ഓതുകയാണ്. അർത്ഥം വിവരിക്കുന്നില്ല. വേദമന്ത്രങ്ങൾ Form ആണ് എന്നാണ് ഫ്രിറ്റ്സ്സ്റ്റാൾ പറഞ്ഞതിന്റെ അർത്ഥം. അതുകൊണ്ടുതന്നെ ഭഗവദ്ഗീതയിലോ ഖുറാനിലോ ബൈബിളിലോ നിന്നല്ല ഫാസിസം ഉണ്ടാകുന്നത്. അതിന്റെ ആഖ്യാനത്തിൽ നിന്നാണ്. ഉദാഹരണം പറഞ്ഞാൽ ഒരു മതസംഘടനയുടെ വലിയ ഒരു ജാഥ ഒരുസ്ഥലത്തുകൂടി കടന്നുപോകുന്നു. അവർ വിളിച്ചു പറയുന്നത് 'ഇന്ത്യ ജയിക്കട്ടെ ഇന്ത്യ നമ്മുടെ രാജ്യമാണ്, എല്ലാവരും സഹോദരീസഹോദരന്മാരാണ്' എന്നൊക്കെ ആയിരിക്കാം. പക്ഷെ ആ ജാഥ ശക്തമായി ഒരു നാട്ടിലൂടെ വരുമ്പോൾ അന്യമതസ്ഥരായ മനുഷ്യർക്കുള്ളിൽ ഭീതിയുണ്ടാകുന്നു. അവർ വിളിച്ചുപറയുന്നത് ഈ നാട്ടിലെ ജനാധിപത്യത്തെക്കുറിച്ചൊക്കെ ആണെങ്കിലും അതിന്റെ ആഖ്യാനം നിർമ്മിച്ചെടുക്കുന്നതാണ് യഥാർത്ഥത്തിൽ ഫാസിസമായി രൂപപ്പെടുന്നത്. അതുകൊണ്ട് ഫാസിസം നിലനിൽക്കുന്നത് മതഗ്രന്ഥങ്ങൾക്കുള്ളിലല്ല അതിന്റെ ആഖ്യാനരൂപങ്ങളിലാണ്. അതുകൊണ്ട് ഭഗവത്ഗീതയിൽ ഇന്നത് പറഞ്ഞിട്ടുണ്ടോ ഖുറാനിൽ ഇന്നത് പറഞ്ഞിട്ടുണ്ടോ എന്നല്ല നാം ആലോചിക്കേണ്ടത്. എങ്ങനെയാണ് നമ്മുടെ സമൂഹത്തിൽ അത് ആഖ്യാനം ചെയ്യപ്പെടുന്നത് എന്നാണ്. സാമൂഹ്യവിരുദ്ധമായ അംശമുള്ളത് അതിന്റെ ആഖ്യാനരൂപത്തിലാണ്. മറ്റൊരു ഉദാഹരണം നോക്കിയാൽ ഇന്ത്യയിലെ പ്രമുഖമായ ഒരു പാർട്ടി അവരുടെ പ്രധാനപ്പെട്ട പേരുകളൊക്കെ സംസ്കൃതത്തിലാണ് പറയുക. കാര്യവാഹക്, പദസഞ്ചലനം എന്നൊക്കെ. കാരണം അതിന്റെ സിംബോളിസം ക്യാപിറ്റലാണ്. സംസ്കൃതത്തിന് ഇന്ത്യയിലുള്ള പ്രതീകാത്മക മൂലധനമാണ് സൃഷ്ടിച്ചെടുക്കുന്നത്. അതിന്റെ Linguistic value അല്ല ഉന്നം വെയ്ക്കുന്നത്; Symbolic value ആണ്. അതുകൊണ്ടാണ് ഉള്ളടക്കത്തിലല്ല രൂപത്തിലാണ് രാഷ്ട്രീയം ഇരിക്കുന്നത് എന്നു പറഞ്ഞത്. പ്രമേയത്തിലാണ് രാഷ്ട്രീയമിരിക്കുന്നത് എന്നാണ് നാം പൊതുവെ ധരിച്ചുവെക്കുക. 'ബിരിയാണി' എന്ന കഥയുടെ പ്രമേയത്തിലല്ല അതിന്റെ രാഷ്ട്രീയം ആഖ്യാന സ്വരൂപത്തിലാണ്. എന്തുകൊണ്ട് ഇന്ന ആൾ represent ചെയ്യപ്പെട്ടു എന്നതാണ് പ്രധാനം. അതുകൊണ്ട് ഈ ആഖ്യാനമാണ് യഥാർത്ഥത്തിൽ ചിന്തയുടെ രൂപങ്ങളായി നമുക്കു മുന്നിലുള്ളത്.

ആഖ്യാനത്തെ എങ്ങനെ നിർമ്മിക്കാം എന്നു നോക്കുമ്പോൾ കേരളത്തിലെ പ്രധാനപ്പെട്ട ആഖ്യാനരൂപങ്ങളെല്ലാം, വ്യവഹാരമണ്ഡലങ്ങളെല്ലാം, സംവാദമണ്ഡലങ്ങളെല്ലാം നിർമ്മിച്ചത് ഭൂമിയിലധ്വാനിച്ചിട്ടുള്ള സാധാരണ മനുഷ്യരാണ് എന്ന് മനസ്സിലാകും. അത് 1888-ൽ അരുവിപ്പുറത്ത് ആരംഭിച്ച ഒരു പ്രക്രിയയല്ല. അരുവിപ്പുറം പ്രതിഷ്ഠയിൽ ആരംഭിച്ച ഒരു കാര്യമല്ല എന്നു പറയുമ്പോൾ അരുവിപ്പുറംപ്രതിഷ്ഠയ്ക്ക് കേരളത്തിൽ ഒരു പ്രാധാന്യവുമില്ല എന്നല്ല അർത്ഥം. യഥാർത്ഥത്തിൽ അരുവിപ്പുറം പ്രതിഷ്ഠക്ക് ബലം കൊടുക്കുന്നത് അതിന്റെ പുറകിലുള്ള സാമൂഹ്യമണ്ഡലമാണ്. അതിനു രണ്ടുനൂറ്റാണ്ടുമുമ്പോ, ചുരുങ്ങിയത് ഒരു നൂറ്റാണ്ടുമുമ്പിലോ കേരളത്തിലെ സ്ത്രീകൾ, കേരളത്തിലെ കീഴാളർ, അധഃസ്ഥിതരായിട്ടുള്ള മനുഷ്യർ, അധ്വാനിക്കുന്ന മനുഷ്യർ നിർമ്മിച്ചെടുത്തിട്ടുള്ള വ്യവഹാരമണ്ഡലങ്ങളാണ് കേരളത്തിലെ നാരായണഗുരു പ്രതിഷ്ഠ സാധ്യമാക്കിയത്. അങ്ങനെയല്ല നമ്മൾ അതിനെ വിശദീകരിക്കുന്നതെങ്കിൽ നാരായണഗുരു ഒരു പ്രതിമമാത്രമായിട്ട് തെക്കൻ തിരുവിതാംകൂറിൽ ചിലയിടത്തെല്ലാം പറയുന്ന 'സിമന്റ് നാണു'വായിമാറും. കാരണം അതിന്റെ ആഖ്യാനസ്വരൂപം ഇല്ലാതായിപ്പോകും. ഗാന്ധിജിയും അംബേദ്ക്കറും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് ആഖ്യാനം നോക്കിയാൽ മനസ്സിലാകും. അതു ചരിത്രത്തിൽ വളരെ പ്രസിദ്ധമാണ്. അതിന് ഡി.ആർ. നാഗരാജിനെ വായിക്കണമെന്നില്ല. ഗാന്ധിജി അർദ്ധനഗ്നനായ ഫക്കീറായി ഇന്ത്യൻ പാരമ്പര്യ സന്യാസിയുടെ രൂപമാണ്. അബേദ്ക്കർ ആവട്ടെ കോട്ടും സൂട്ടും ഇട്ട് വെസ്റ്റേൺ കൊളോണിയൽ മോഡേണിറ്റിയുടെ രൂപമാണ്. കേരളത്തിലുള്ള, ഇന്ത്യയിലുള്ള കീഴാളരായിട്ടുള്ള മനുഷ്യർ അംബേദ്ക്കറോട് ഐക്യം പ്രഖ്യാപിച്ചതിനുള്ള കാരണം തങ്ങളെ ഇതുവരെ അടിയിൽ കിടത്തിയിട്ടുള്ള വർണാശ്രമ ധർമ്മത്തിന്റെയും ജാതിവ്യവസ്ഥയുടെയും രൂപമാണ് ഗാന്ധിജിയുടേത്. തങ്ങളെ അല്പമെങ്കിലും പൊതുസമൂഹത്തിലേക്ക് കൊണ്ടുവരുന്നതിന്റെ രൂപമായിട്ടാണ് അംബേദ്ക്കർ സ്വയം പ്രത്യക്ഷപ്പെട്ടത്. അതുകൊണ്ടാണ് അദ്ദേഹം കോട്ടും സൂട്ടും ധരിച്ചത്. അല്ലാതെ കോട്ടും സൂട്ടും ഇന്ത്യയുടെ അന്തരീക്ഷത്തിന് പറ്റിയതായിട്ടല്ല. താൻ പ്രതിനിധീകരിക്കുന്നത് ആധുനികതയുടെ ആൾരൂപമായിട്ടാണ് എന്നതിന്റെ സ്വരൂപമാണ് അംബേദ്ക്കറുടെ വേഷം. അതാണ് രണ്ടാഖ്യാനങ്ങളും തമ്മിലുള്ള വ്യത്യാസം. ഈ രണ്ടാഖ്യാനങ്ങളും ഇന്ത്യയിലെ രണ്ട് സാമൂഹ്യ രൂപങ്ങളുടെ നിർമ്മിതിയാണ്. അരുന്ധതി റോയ് അവരുടെ 'ജാതിർ നിർമൂലന'ത്തിന്റെ ആമുഖത്തിൽ പറയുന്ന ഒരു കാര്യം രണ്ടുതരം മൊറാലിറ്റികളാണുള്ളത് എന്നും ഒന്ന് Traditional Morality യും രണ്ട്

Constitutional Morality യുമാണ്. പാരമ്പര്യ ധാർമികതയാണ് ഗാന്ധി ജിയുടേത്. 'മാതാപിതാഗുരു ദൈവം' എന്നൊക്കെയുള്ളത് അതിന്റെ ഭാഗമാണ്. ഇതൊക്കെ നമ്മൾ പറയുകയും വിപരീതമായി പ്രവർത്തി ക്കുകയും ചെയ്യും. അടുത്ത കാലത്ത് ഒരാൾ പറഞ്ഞതാണ് ഒരു മാഷ് ബസ്സിൽ യാത്ര ചെയ്യുമ്പോൾ തന്റെ ഗുരു നില്ക്കുന്നതായി കണ്ട് സീറ്റ് ഒഴിഞ്ഞു കൊടുത്തു. പക്ഷെ ഗുരു ഇരിക്കുന്നതിനു മുമ്പേ അയാളുടെ ഒരു ശിഷ്യൻ ആ സീറ്റിൽ വന്നിരുന്നു. ഇതാണ് രണ്ടു തലമുറ തമ്മിലുള്ള വ്യത്യാസം. നാട്ടിൽ മറ്റൊരു ആഖ്യാനമുണ്ട്. ഒരു സ്ത്രീ ഭർത്താവിന്റെ അമിതമായ മദ്യപാനംകൊണ്ട് മനം മടുത്ത് അവസാനമായി ഭർത്താ വിനോട് പറയുകയാണ് ഇങ്ങനെ 'നിങ്ങൾ ദിവസവും കുടിക്കുകയാ ണെങ്കിൽ ഞാൻ ഈ കനാലിൽ ചാടി ആത്മഹത്യ ചെയ്യും': തൊട്ടടു ത്ത വാക്യം അവർ പറയുന്നു 'പക്ഷെ, ഒരു കാര്യം കനാലിലെ വെള്ളം എന്റെ തലയ്ക്ക് പിടിക്കില്ല. കനാലിലെ വെള്ളം തലയ്ക്ക് പിടിക്കാത്തതു കൊണ്ട് ഞാൻ മരിക്കുന്നില്ല' എന്നാണ്. അതായത് മരിക്കാതിരിക്കാൻ ചെറിയ കാരണം മതി എന്നാണതിന്റെ അർത്ഥം. എങ്ങനെയാണ് സാമൂഹ്യജീവിതം ആഖ്യാനം ചെയ്യപ്പെടുന്നത് എന്നതിന്റെ ഒരുദാഹ രണമാണ് ഈ നാടോടി വാങ്മയം. 'ഖസാക്കിന്റെ ഇതിഹാസ'ത്തി ലെ ആഖ്യാനം സാധാരണ സന്ദർഭത്തിൽ പരിശോധിച്ചാൽ അത്ഭുതം തോന്നും. അത് പാരമ്പര്യവരമൊഴി സാഹിത്യത്തിന്റെ സന്ദർഭത്തിലേ ആസ്വദിക്കപ്പെടുകയുള്ളൂ. പൊതു സാമൂഹ്യവ്യവഹാരത്തിൽ അത് പ്രവർ ത്തിക്കുകയില്ല. ധാരാളം സാഹിത്യം വായിച്ചു ശീലമുള്ള ഒരാൾക്കാണ് അത് അനുഭവിക്കാൻ കഴിയുക. മുങ്ങാങ്കോഴി കിണറ്റിൽ ചാടി ആത്മ ഹത്യ ചെയ്തത് വിജയൻ ആഖ്യാനം ചെയ്തത് ഇങ്ങനെയാണ് 'വെള്ള ത്തിന്റെ വില്ലീസു പടുതകളിലൂടെ, ചില്ലുവാതിലുകൾ കടന്ന്, സ്വപ്നത്തി ലൂടെ, സാന്ധ്യപ്രജ്ഞയിലൂടെ തന്നെ കൈനീട്ടി വിളിച്ച പൊരുളിന്റെ നേർക്ക് അയാൾ യാത്രയായി.' കാർഷിക പ്രതിസന്ധിമൂലം ആത്മ ഹത്യ ചെയ്ത വയനാട്ടിലെ കർഷകന്റെ വീട്ടിൽപോയി ഈ ആഖ്യാന രൂപം നിങ്ങൾ വായിക്കുകയാണെങ്കിൽ വിവരമറിയും. ഒരു പൊതുമണ്ഡ ലത്തിന്റെ ഉള്ളിൽ ഈ ആഖ്യാനം പ്രവർത്തിക്കില്ല എന്നാണ് അർത്ഥ മാക്കിയത്. ഈ ആഖ്യാനപാരമ്പര്യത്തെയാണ് രാഷ്ട്രീയമായി വായി ച്ചെടുക്കേണ്ടത്. ഉള്ളടക്കത്തിലല്ല, ഉള്ളടക്കം എങ്ങനെയാണ് ആഖ്യാ നം ചെയ്തിരിക്കുന്നത് എന്നാണു നോക്കേണ്ടത്.

കേരളത്തിലെ സാമൂഹ്യചിന്ത രൂപപ്പെടുത്തിയെടുത്തിട്ടുള്ള കീ ഴാളവ്യവഹാരങ്ങൾ എന്താണെന്ന് പരിശോധിക്കാം. ഒന്നാമത് കേ രളത്തിലെ സാർവ്വത്രിക വിദ്യാഭ്യാസം, അത് യഥാർത്ഥത്തിൽ

നാരായണഗുരുവിൽ ആരംഭിക്കുന്നതല്ല. വിദ്യാഭ്യാസത്തിനുവേണ്ടി, എഴുത്തു പഠിക്കാൻവേണ്ടി ധാരാളം മനുഷ്യർ കേരളത്തിൽ അതിനു മുമ്പേതന്നെ ആഗ്രഹിച്ചിരുന്നു. അവരുടെ ആഗ്രഹത്തിനു രൂപം ഉണ്ടായിരുന്നില്ല എന്നതിനർത്ഥം അതാരും രേഖപ്പെടുത്തിയില്ല എന്നാണ്. 'ഉർവ്വിയിലൊരാളും എന്റെ ജീവതത്തെ രേഖപ്പെടുത്തിയില്ല' എന്ന് പൊയ്കയിൽ അപ്പച്ചൻ പറഞ്ഞതിന്റെ കാരണം അതാണ്. ആർക്കാണോ യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ ആവശ്യം അവരത് നിർമ്മിക്കാൻ ഉടനീളം ശ്രമിച്ചിട്ടുണ്ടായിരിക്കണം. അതിന് ദൃശ്യത ഉണ്ടായിരുന്നില്ല എന്നു മാത്രം.

കേരളത്തിൽ തൊഴിലിനു വേണ്ടിയുള്ള സമരം നടന്നത് എങ്ങനെയാണ് ? 'ഘാതകവധ'ത്തിന്റെ ആമുഖത്തിൽ കൊളിൻസ് മദാമ്മ പറയുന്നത് ഇതിൽ രണ്ടുകാര്യങ്ങൾ താൻ ചരിത്രത്തിൽനിന്നെടുത്തതാണ്. ബാക്കിയെല്ലാം കല്പനയാണ് എന്നാണ്. രണ്ടുകാര്യങ്ങളിൽ ഒന്ന്, ഒരു കുട്ടി മരിക്കുന്നതും മറ്റേത് പൗലോസ് പുലയൻ എന്ന ആളും ആണ്. കുട്ടി മരിക്കുന്ന സംഭവം ഇങ്ങനെയാണ്. ആറു ദിവസം തങ്ങൾ ജോലിചെയ്യാമെന്നും ഏഴാംദിവസം പരിവർത്തിത ക്രിസ്ത്യാനികളായ തങ്ങൾ ജോലി ചെയ്യില്ല എന്നും പറഞ്ഞപ്പോൾ ജന്മിയായ കോശി കുര്യൻ പണിമുടക്കിയ വൃദ്ധനെ അടിക്കാൻ ശ്രമിച്ചു. അതു തടുക്കാനായി ചെന്ന സ്ത്രീയുടെ കയ്യിലുണ്ടായിരുന്ന കുട്ടിക്ക് അടിയേറ്റു. കുട്ടി തൽക്ഷണം മരിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ നമ്മുടെ കാർഷിക സമരത്തിന്റെ ആദ്യരക്തസാക്ഷി ഈ കുട്ടിയാണ് എന്നത് നമ്മുടെ കാർഷിക ചരിത്രത്തിൽ ഒരു സ്ഥലത്തുമില്ല. 'ഞാൻ കണ്ട കേരളം' എന്ന ഗ്രന്ഥത്തിൽ സാമുവൽ മെറ്റീർ മറ്റൊരു സംഭവം രേഖപ്പെടുത്തുന്നുണ്ട്. ഒരു അധഃസ്ഥിതയായ സ്ത്രീയും അവരുടെ മകനും നടന്നുവരുമ്പോൾ ശൂദ്രനായ ഒരാൾ ഇവർ അയിത്തം പാലിച്ചില്ല എന്നുപറഞ്ഞ് ആ സ്ത്രീയെ അടിക്കാൻ നോക്കുന്നു. അപ്പോൾ മകൻ ദേഷ്യംപിടിച്ച് രണ്ടടി അയാൾക്ക് കൊടുത്തു അമ്മയെ അടിച്ച ആളെ തിരിച്ചുതല്ലാൻ കെല്പുള്ള പുലയനായിട്ടുള്ള ഒരാളെ ഇവിടെ മറ്റീർ നമുക്ക് കാണിച്ചു തരുന്നു. ഇതുമായി ബന്ധപ്പെട്ട കോടതിവിധിയിൽ പറയുന്നത് ഇങ്ങനെ തടയാൻ ഇടയായ ഒരവസ്ഥയിലേക്ക് ചെറുമ വിഭാഗത്തിൽപ്പെട്ട ഒരാൾ വരുന്നത് യഥാർത്ഥത്തിൽ നമ്മുടെ പൊതുനിയമവ്യവസ്ഥക്ക് അനുകൂലമായിട്ടുള്ളതാകയാൽ അതിനെതിരായി നീതിന്യായവ്യവസ്ഥയ്ക്ക് ഒന്നും പറയാൻ കഴിയില്ല എന്നാണ്. 1888-നു ശേഷമല്ല അതിനു മുമ്പേയാണ് യഥാർത്ഥത്തിൽ നമ്മുടെ തൊഴിലിനുമേലുള്ള സ്വയംഭരണാവകാശത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസാവകാശത്തിനുവേണ്ടിയുള്ള സമരത്തെക്കുറിച്ചുള്ള

ചിന്തയുടെ ബീജങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അല്ലാതെ 1888-ന ശേഷം പൊട്ടിമുളച്ച ഒരു വ്യവഹാരമണ്ഡലമല്ല സാർവ്വത്രിക വിദ്യാഭ്യാസത്തെക്കുറിച്ചും തൊഴിലിനമേലുള്ള സ്വയംഭരണാവകാശത്തെക്കുറിച്ചുമുള്ള ചർച്ച.

സഞ്ചാരസ്വാതന്ത്ര്യത്തിനവേണ്ടിയുള്ള സമരം അയ്യങ്കാളിയിൽ നിന്നാണ് ആരംഭിക്കുന്നതെന്നാണ് നാം പഠിച്ചുവെച്ചത്. അങ്ങനെ അയ്യങ്കാളിയെയും നാരായണഗുരുവിനെയും ദിവ്യപുരുഷന്മാരാക്കി നാം വെക്കും. ഇങ്ങനെ വെച്ചാൽ എന്താണ് കുഴപ്പം? വളരെ അടുത്തകാലത്തു തന്നെ വർഗ്ഗീയവാദികളുടെ പോസ്റ്ററിലും ഇവരെ കാണാം എന്നേയുള്ളൂ. ദിവ്യത്വം കൊണ്ടുപോവാനുള്ള ഏറ്റവും എളുപ്പമുള്ള വഴി അതിനെ മതവത്ക്കരിച്ചെടുക്കുക എന്നതാണ്. അതിനാൽ ദിവ്യരായാൽ ഉടൻ മതം എടുത്തുകൊണ്ടു പോകും. അതുകൊണ്ട് ദിവ്യരായല്ല നാം ഇവരെ കാണേണ്ടത്. ചരിത്രപരമായ സാഹചര്യങ്ങളിൽ രൂപപ്പെട്ട വ്യവഹാര മണ്ഡലങ്ങളുടെ വക്താക്കളായിട്ടാണ്. അതിന് പൊട്ടിമുളച്ച ചരിത്രമല്ല നമുക്കു വേണ്ടത്. ആ ചരിത്രത്തെ നിർമ്മിച്ചെടുത്തിട്ടുള്ള ചരിത്രപ്രക്രിയയുടെ ഒരു രൂപമാണ്, ഒരു തുടർച്ചയാണ് നമ്മൾ സൃഷ്ടിച്ചെടുക്കേണ്ടത്. അയ്യങ്കാളിയിൽ നിന്നല്ല കേരളത്തിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ചിന്ത ആരംഭിക്കേണ്ടത്. അത് അതിനമുമ്പുള്ള അനേകശതം മനുഷ്യരുടെ ആഗ്രഹങ്ങളിൽ നിന്ന് നിർമ്മിച്ചെടുക്കേണ്ടതാണ്. അതിന്റെ ഒരു തുടർച്ചയായിട്ടാണ് അതിനെ കാണേണ്ടത്. ടിപ്പുസുൽത്താൻ റോഡ് നിർമ്മിച്ചപ്പോൾ സഞ്ചാരം എന്ന ആശയം മലബാറിൽ ഉണ്ടാകുന്നു. റോഡ് നിർമ്മിച്ചപ്പോൾ തൊഴിലാളികൾ ഉണ്ടാകുന്നു. തൊഴിലാളികൾ നടന്നിട്ടാണ്, പണിയെടുത്തിട്ടാണ് തൊഴിലാളി ഉണ്ടാകുന്നത് സഞ്ചാരം ഉണ്ടാകുന്നത്. അപ്പോൾ സഞ്ചാരത്തെക്കുറിച്ചുള്ള വ്യവഹാരമണ്ഡലങ്ങൾ രൂപപ്പെട്ടപ്പോൾ ആ സഞ്ചാരത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരാഖ്യാനം നിർമ്മിച്ചു എന്നതാണ് അയ്യങ്കാളിയുടെ പ്രസക്തി. ഈ ആഖ്യാനരൂപത്തെ കേരളത്തിൽ സ്ഥാപിച്ചെടുത്തു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് ഈ ആഖ്യാനരൂപം നിങ്ങൾക്ക് സഞ്ചാരത്തിന് ഒരു വില്ലുവണ്ടിയുണ്ടെന്നും ആ വില്ലുവണ്ടിയിലൂടെ കേരളത്തിലെ സഞ്ചാരസ്വാതന്ത്ര്യത്തിന്റെ ആഖ്യാനരൂപമായി നിലനില്ക്കാൻ കഴിയും എന്നുള്ളിടത്താണ് അയ്യങ്കാളി കേരളചരിത്രത്തിൽ പ്രസക്തനായിത്തീരുന്നത്. അതുകൊണ്ട് അയ്യങ്കാളി സ്കൂളിൽ ചേരാൻ പഞ്ചമിയെയും കൂട്ടി പോവുകയും അദ്ദേഹം ഉണ്ടാക്കിയ സ്കൂൾ ആളുകൾ കത്തിക്കുകയും വീണ്ടും ഉണ്ടാക്കുകയും വീണ്ടും കത്തിക്കുകയും ചെയ്തിട്ട് കേരളത്തിലെ വിദ്യാഭ്യാസം എന്ന സംഗതിയെ കേരളീയ ചിന്തയിലെ വ്യവഹാരമണ്ഡലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട

ഒന്നാക്കി മാറ്റിയെടുക്കുകയാണ് യഥാർത്ഥത്തിൽ അദ്ദേഹം ചെയ്തത്. കേരളത്തിൽ ആദ്യമായി 1907-ൽ വിദ്യാഭ്യാസത്തിനുവേണ്ടി പണിമുടക്ക് നടത്താൻ അദ്ദേഹം തയ്യാറാകുന്നു. 1917-ലാണ് റഷ്യയിൽ വിപ്ലവം എന്നോർക്കണം. 1907-ൽ കേരളത്തിൽ വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനെക്കുറിച്ചുള്ള ആദ്യത്തെ വ്യവഹാരം നിർമ്മിച്ചെടുക്കുന്നുണ്ട് അയ്യങ്കാളി. ആ വ്യവഹാരത്തെ നമുക്ക് അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ മനസ്സിലാക്കണമെങ്കിൽ അതിന്റെ പിന്നിലുള്ള ചരിത്രം കൂടി മനസ്സിലാക്കി ആ ചരിത്രത്തിന്റെ ഏറ്റവും സമൂർത്തമായ ഒന്നാക്കി ഇവരെ അടയാളപ്പെടുത്തുമ്പോഴാണ് ചരിത്രപ്രക്രിയയുടെ ഭാഗമാണിത് എന്ന് മനസ്സിലാവുക. അല്ലാതെ ഇവരെ ദിവ്യത്വം കല്പിച്ച് ചരിത്രത്തിൽ സ്ഥാപിക്കാൻ ശ്രമിച്ചാൽ ഈ ദിവ്യത്വവും കൊണ്ട് യഥാർത്ഥത്തിലുള്ള ദിവ്യന്മാർ പോകും.

കേരളത്തിലെ സാഹിത്യചരിത്രവിജ്ഞാനീയം ആരംഭിച്ചതും കീഴാള അധഃസ്ഥിത ദളിതരാണ്. പൊയ്കയിൽ കുമാരഗുരുദേവൻ

'കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി

കാണുന്നുണ്ടനേകവംശത്തിൻ ചരിത്രങ്ങൾ' എന്നു പറഞ്ഞപ്പോൾ, കേരളത്തിൽ സാഹിത്യചരിത്രവിജ്ഞാനീയം തുടങ്ങുന്നത് അവിടെയാണ്. ചരിത്രമെന്നാൽ എന്താണ് എന്നചോദ്യം തുടങ്ങുന്നത് അവിടെയാണ്. നിങ്ങളുടെ ചരിത്രം, എന്റെ ചരിത്രം, സ്ത്രീചരിത്രം, ദളിത് ചരിത്രം, ന്യൂട്രൽ ജെൻഡറിന്റെ ചരിത്രം എന്നൊക്കെ പറയുന്നതിന്റെ ആധാരം പോയി നില്ക്കുന്നത് 'കാണുന്നീലൊരക്ഷരവും എന്റെ വംശത്തെപ്പറ്റി' എന്നു പറയുന്ന വാക്യത്തിലാണ്.

ചരിത്രവ്യവഹാരങ്ങളെ സംബന്ധിച്ച്, തൊഴിലിന്റെമേലുള്ള സ്വയംഭരണാവകാശത്തെ സംബന്ധിച്ച്, സാർവ്വത്രിക വിദ്യാഭ്യാസത്തെ സംബന്ധിച്ച്, വൃത്തിയെ സംബന്ധിച്ച് ആദ്യ വ്യവഹാരമുണ്ടാകുന്നത് 'സുകുമാരി' എന്ന നോവലിലാണ്. എങ്ങനെയാണ് മതപരിവർത്തനം ഒരു ജനതയെ വൃത്തിപരിശീലിപ്പിച്ചെടുക്കുന്നത് എന്നതിന്റെ കഥയാണ് വാസ്തവത്തിൽ ആ നോവൽ. എന്താണ് വൃത്തി? വൃത്തി consume ചെയ്യുന്ന ആളുകളെക്കുറിച്ചാണ് നാം വൃത്തിയുള്ളവർ എന്നു പറയുന്നത്. വെള്ള വസ്ത്രം ധരിച്ചെത്തുന്നവരെ വൃത്തിയുള്ളവരെന്നും വെള്ളവസ്ത്രം ധരിക്കാൻ നിങ്ങളെ പ്രാപ്തരാക്കിയ അലക്കുകാരെ വൃത്തിയില്ലാത്തവരെന്നും പറയുന്ന ശീലമാണ് നമ്മുടേത്. അധ്വാനിക്കാത്ത മേനിയെ തിരുമേനി എന്നാണ് നമ്മൾ വിളിച്ചിരുന്നത്. നമ്മൾ അധ്വാനത്തെയല്ല വില കല്പിച്ചത് അധ്വാനത്തെ consume ചെയ്യുന്ന ആളുകളെയാണ്.

അതിനാൽ വൃത്തിയെ സംബന്ധിക്കുന്ന മണ്ഡലം വികസിപ്പിച്ചെടുത്തത് കീഴാള വ്യവഹാരമാണ്.

വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന വ്യവഹാരം നിർമ്മിച്ചെടുത്തത് കീഴാളരാണെന്ന് പറഞ്ഞതിനെന്താ കാരണം? കാരണം സാർവ്വത്രിക വിദ്യാഭ്യാസം വർണശാസ്ത്രം അംഗീകരിച്ചിരുന്നില്ല. 'ശൂദ്രനക്ഷരസംയുക്തം ദൂരതഃപരിവർജയേൽ' എന്നാണ്. അക്ഷരം പഠിക്കുന്ന സ്ത്രീകളെ അപൂർവ്വമായിട്ടേ കണ്ടുള്ളൂ. കാഞ്ച ഇളയ്യ ചോദിച്ച വളരെ പ്രസിദ്ധമായ ഒരു ചോദ്യം Why I am not a Hindu എന്ന പുസ്തകത്തിലുണ്ട്. എങ്ങനെയാണ് നമ്മുടെ അക്ഷരത്തിന്റെ ദേവതയായി സരസ്വതി മാറിയത് എന്നാണ്. എന്നിട്ട് അദ്ദേഹം ചോദിക്കുന്നു. സരസ്വതി ഏതെങ്കിലും പുസ്തകം എഴുതിയതു നിങ്ങൾ കണ്ടിട്ടുണ്ടോ? ഏതെങ്കിലും ലിപി കണ്ടുപിടിച്ചതായി? ഇല്ല. പിന്നെ എങ്ങനെയാണ് നിരക്ഷരയായ ഒരു സ്ത്രീ സാക്ഷരതയുടെ പ്രതീകമായി മാറിയത്? തങ്ങൾക്ക് തങ്ങളുടേതായ ദൈവമുണ്ട് എന്നും സരസ്വതിയെ തങ്ങളുടെ ചിന്താമണ്ഡലത്തിൽ അടിച്ചേല്പിക്കേണ്ട എന്നും അദ്ദേഹം പറയുന്നു. ഇത്തരത്തിലുള്ള സൂക്ഷ്മമായ വ്യവഹാരമണ്ഡലങ്ങളുടെ ആകത്തുകയുടെ പേരാണ് ചിന്ത.

മതം എന്ന ആഖ്യാനമാണ് മറ്റൊന്ന്. മതം അതിന്റെ ആഖ്യാനത്തിലൂടെയാണ് പൊളിറ്റിക്കലാവുന്നതെന്ന് നേരത്തേ സൂചിപ്പിച്ചു. മതം എന്ന ആഖ്യാനത്തെ എങ്ങനെയാണ് കീഴാളർ നിർമ്മിച്ചെടുത്തത് എന്നതാണ് പ്രധാനം. എല്ലാ മതത്തിലേക്കും അവർ മതപരിവർത്തനം നടത്തി. കേരളത്തിൽ മതപരിവർത്തനം ഒരു സാമൂഹ്യപ്രവർത്തനമാണ്. ഇന്നു നാം വിചാരിക്കുന്നതുപോലെ അത് ഘർവാപസി അല്ല. മതപരിവർത്തനത്തിൽ ഒരു വ്യക്തിയുണ്ട്. നിങ്ങൾക്ക് ഇഷ്ടമുള്ള മതത്തിലേക്കു പോകാം എന്നത് ആധുനികമായ ഒരു സ്വത്വാവബോധമാണ്. നിശ്ചയമായും മതപരിവർത്തന സ്വാതന്ത്ര്യമാണ് മനുഷ്യന്റെ പല സ്വാതന്ത്ര്യങ്ങളിൽ ഒന്ന്. കുറച്ചുകാലം ഹിന്ദുവായും കുറച്ചുകാലം മുസ്ലീമായും ക്രിസ്ത്യാനിയായും ബുദ്ധമതം സ്വീകരിച്ചും പോകാം. ഇത് വളരെ ആധുനികമായ ആവശ്യമാണ്. ഈ ആധുനികമായ ആവശ്യം നിർവ്വഹിച്ചത് കേരളത്തിൽ അധഃസ്ഥിതരാണ്. ഇങ്ങനെ മതത്തെ അയവുള്ളതായി സമീപിച്ചതും ജനാധിപത്യ സമരത്തിന്റെ ഉപാധിയായി ആദ്യം സങ്കല്പിച്ചെടുത്തതും കീഴാളരും അധഃസ്ഥിതരുമാണ്. കേരള ചരിത്രം വായിച്ചുനോക്കിയാൽ രസകരമായൊരു കാര്യം കാണാം. കേരളത്തിലെ കീഴാളരെല്ലാം ക്രിസ്തുമതം സ്വീകരിച്ചപ്പോൾ ആദ്യം ക്രിസ്തുമതം സ്വീകരിച്ച കുറേ ഈഴവർ തിരിച്ചു ഹിന്ദുമതത്തിലേക്കുതന്നെ വന്നു.

ക്രിസ്തുമതത്തിൽ കീഴാളർ വന്നപ്പോൾ പ്രശ്നമായിപ്പോകും എന്ന കരുതിയാണവർ തിരിച്ചു വന്നത്. സഹോദരൻ അയ്യപ്പൻ ബുദ്ധമതം സ്വീകരിക്കുന്നുണ്ട്. മതപരിവർത്തനം സാമൂഹ്യപ്രവർത്തനത്തിന്റെ ഭാഗമായി മാറുകയാണിവിടെ.

'ഹിന്ദുമതത്തിൻ പുറവഴിയേ
നമ്മൾ ബന്ധമില്ലാതെ വലഞ്ഞലഞ്ഞു
ക്രിസ്തുമതത്തിൽ പുറവഴിയേ നമ്മൾ
അനാഥരെന്നപോൽ സഞ്ചരിച്ചു
ഹിന്ദുമതക്കാരും ചേർത്തില്ലല്ലോ നമ്മെ
ക്രിസ്തുമതക്കാരും ചേർത്തില്ലല്ലൊ' എന്ന് പൊയ്കയിൽ അപ്പച്ചൻ പാടുന്നുണ്ട്. എന്താണ് പാട്ടിന്റെ അർത്ഥം? എല്ലാ മതത്തിന്റെയും പിന്നാലെ എവിടെയാണ് നീതി എന്നന്വേഷിച്ചു നടന്നു. അതുകൊണ്ട് നീതിയാണ് മതം അന്വേഷിക്കുന്നതിന്റെ പ്രധാനപ്പെട്ട ഉപാധി എന്നതികച്ചും ജനാധിപത്യപരമായ ഒരു സമീപനം ആദ്യം ഉന്നയിക്കുന്നത് ഏറ്റവും താഴേക്കിടയിലുള്ള മനുഷ്യരാണ്. അവർക്കാണ് ഇതിന്റെ ആവശ്യം. മേലേയുള്ളവർക്ക് ഇത് ആവശ്യമില്ല. അവർക്ക് നേരത്തേ തന്നെ സാമൂഹ്യമായ അധികാരം ലഭിച്ചിരുന്നു. അതുകൊണ്ടാണ് കീഴാളരായ ആളുകൾക്കാണ് സാർവ്വത്രിക വിദ്യാഭ്യാസം വേണ്ടത്, നീതി വേണ്ടത്, സഞ്ചാര സ്വാതന്ത്ര്യം വേണ്ടത്, നിയമം വേണ്ടത്. ഇതിനെക്കുറിച്ചെല്ലാമുള്ള ആദ്യചിന്ത ആരംഭിച്ചത് ഈ മനുഷ്യരിൽ നിന്നാണ്. മതേതരത്വം, ജനാധിപത്യം തുടങ്ങിയ ആശയങ്ങളെല്ലാം നിർമ്മിച്ചെടുത്തത് ഇവരാണ്. ഏതു മതത്തിലും ഏതു സാമൂഹ്യാവസ്ഥയിലും സഹിഷ്ണുതയോടെ പെരുമാറാനുള്ള സാമൂഹ്യ ശീലങ്ങൾ നിർമ്മിച്ചത് കീഴാളരാണ്. കാരണം അവരുടെ ജീവിതാവസ്ഥ അതായിരുന്നു. നമ്മൾ ഏറ്റവും പ്രധാനവാക്യമായി പറയാറ് സിയാറ്റിൽ മൂപ്പന്റെ വാക്യമാണ് 'നിങ്ങൾക്കെങ്ങനെ ഭൂമിയെയും ആകാശത്തെയും വില്ക്കാൻ കഴിയും' എന്നു തുടങ്ങുന്ന പാരിസ്ഥിതികോപനിഷത്ത്. 'ഘാതകവധ'ത്തിൽ സമാനമായൊരു വാക്യമുണ്ട് ഞങ്ങൾക്കുമുമ്പ് ഞങ്ങളുടെ പൂർവ്വന്മാർ വേലയെടുത്തിട്ടുള്ള പാടങ്ങൾ വിട്ടുപോവാൻ ഞങ്ങൾക്കു മനസ്സില്ല. അതിലുള്ള എല്ലാ പൂക്കളും ഈ പാതാലുകളിൽ സഞ്ചരിക്കുന്ന ഓരോതരം പറവകളെയും ഞങ്ങൾ അറിയും. കൊച്ചുനാൾ മുതൽ വയസ്സു പ്രായംവരെ രാത്രിയിൽ ചവിട്ടുന്ന ചക്രങ്ങളുടെ ഒച്ചയും ഞങ്ങൾക്കറിയാം. ആ സമയങ്ങളിൽ ഞങ്ങൾ കുറുക്കന്റെ കൂടെ കൂകിയിട്ടുമുണ്ട്. 'ഇത്തരത്തിൽ സൂക്ഷ്മമായ 1888-ന മുമ്പേയുള്ള വ്യക്തിപരം പോലുമായ, പ്രാദേശികമായ, കുടുംബപരമായ അനവധി പ്രതിരോധത്തിന്റെ വ്യവഹാരങ്ങളിൽ

നിന്നാണ് യഥാർത്ഥത്തിൽ കേരളീയചിന്ത നിർമ്മിച്ചെടുക്കേണ്ടത്. അതാണ് കേരളീയചിന്ത നിർമ്മിച്ചെടുക്കേണ്ടതിന്റെ കേന്ദ്രആശയമായി മാറേണ്ടത്. പലതരം ആഖ്യാനങ്ങൾ സാധ്യമാണ്. ചിന്തകൾ എന്നുള്ളത് ശൂന്യതയിൽനിന്നല്ല നിർമ്മിക്കപ്പെടുന്നത്. സമൂഹത്തിലെ ഭിന്ന മനുഷ്യരുടെ സംവാദമണ്ഡലത്തിൽ നിന്നാണ് അത് ഉണ്ടാകുന്നത്. കേരളത്തിലെ അടിസ്ഥാന ആധുനികജനാധിപത്യമതേതര സംവാദങ്ങൾ മുഴുവനും അതിന്റെ അടിയിൽ ബീജരൂപത്തിൽ നിർമ്മിച്ചിട്ടുള്ളത് കീഴാളഅധഃസ്ഥിത വ്യവഹാരങ്ങളാണ്.